വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ഇത് പൊതുവായി കേരള സമൂഹം ചർച്ച ചെയ്ത ഒരു വിഷയമാണ്. മരങ്ങൾ വീഴുന്നതുകൊണ്ടും മരത്തിന്റെ ഇലകളിൽനിന്നും വെള്ളം കുത്തനെ വീഴുന്നതുകൊണ്ടും രണ്ട് പ്രശ്നങ്ങളുണ്ടാകുന്നുണ്ട്. ഒന്ന് ജീവഹാനിയുണ്ടാകുന്നു, മറ്റൊന്ന് റോഡ് തകർന്നുപോകുന്നു. അത് സംഭവിക്കാതിരിക്കുന്നതിനുവേണ്ടിയുള്ള നടപടിയെടുക്കണമെന്നതാണ് വനം വകുപ്പിന്റെ കാഴ്ചപ്പാട്. അതുകൊണ്ട് റോഡ് ഫ്രണ്ട്‌ലിയായിട്ടുള്ള മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്.

V മേശപ്പുറത്തുവച്ച കടലാസ്സുകൾ

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, താഴെപ്പറയുന്ന കടലാസ്സുകൾ ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 4175-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

VI പ്രത്യേക പരാമർശം

വിദ്യാർത്ഥികൾക്ക് നേരെയുണ്ടായ അക്രമം

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, പാഠപുസ്തകം വിതരണം ചെയ്യണമെന്നാവശ്യപ്പെട്ട് സമരം ചെയ്ത വിദ്യാർത്ഥികളെ ഇന്നലെയും പോലീസ് വ്യാപകമായി തല്ലിച്ചതച്ചു. പാഠപുസ്തകങ്ങൾ ജൂലൈ മാസം 20-നകം നൽകുമെന്ന് മന്ത്രി ഇന്നലെ സഭയ്ക്ക് ഉറപ്പുനൽകിയതാണ്. ഇക്കാര്യം ബന്ധപ്പെട്ട വിദ്യാർത്ഥി സംഘടനകളെ ഔപചാരികമായി അറിയിക്കാൻ സർക്കാർ തയ്യാറായില്ല. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ ഇന്നലത്തെ അനിഷ്ടസംഭവങ്ങൾ ഒഴിവാക്കാമായിരുന്നു. അതല്ലേ ഒരു ജനാധിപത്യ സർക്കാർ ചെയ്യേണ്ടിയിരുന്നത്. അതിനുപകരം സമരംചെയ്ത വിദ്യാർത്ഥികളെ ശത്രുക്കളോടെന്നപോലെ പെരുമാറുന്നത്

LIBRARY ARCHIVES Kerala Legislative Assembly

ശരിയാണോ ? അതോ നിങ്ങളുടെ വിദ്യാർത്ഥി സംഘടനകളെമാത്രം വിളിച്ച് രഹസ്യമായി കാര്യം അറിയിക്കുന്നതാണോ ശരിയായ നടപടി. ഇപ്പോൾ മറ്റൊരു ഗുരുതരമായ കാര്യം, ഇന്നലെ കോട്ടയത്ത് നടന്ന സമരത്തിൽ പങ്കെടുത്ത വിദ്യാർത്ഥികളെ ഇന്ന് രാവിലെ മുതൽ അവരുടെ വീടുകളിൽ കയറി പോലീസ് അറസ്റ്റ് ചെയ്യുകയാണ്. അടിയന്തരാവസ്ഥക്കാലത്തെന്നപോലെയാണ് പോലീസ് ഭീകരത സൃഷ്ടിക്കുന്നത്. ഇത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ബന്ധപ്പെട്ട സംഘടനകളെക്കൂടി ഔപചാരികമായി അറിയിച്ചാൽ നന്നായിരിക്കും.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ നിർദ്ദേശം അംഗീകരിക്കുന്നതിന് ഗവൺമെന്റിന് സന്തോഷമേയുള്ളൂ. ചർച്ച ചെയ്യുന്നതിനും ചർച്ച ചെയ്ത് പ്രശ്നങ്ങൾ തീർക്കുന്നതിനും ഗവൺമെന്റ് എന്നും തയ്യാറായിട്ടുണ്ട്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുംകൂടി വിദ്യാർത്ഥി സംഘടന നേതാക്കളെവിളിച്ച് അവരെ ബോധ്യപ്പെടുത്തത്തക്കവിധത്തിലുള്ള ചർച്ച നടത്തും. പക്ഷേ അങ്ങ് പറഞ്ഞ കോട്ടയം ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ നടന്ന അക്രമങ്ങളുടെ ഫോട്ടോകൾ പത്രങ്ങളിൽ വന്നിട്ടുണ്ട്. പോലീസിനെ ഓടിച്ചിട്ട് എറിയുകയും അടിക്കുകയും ചെയ്താൽ അവരെ അറസ്റ്റ് ചെയ്യരുതെന്ന് അങ്ങ് പറഞ്ഞാൽ അത് നിയമം നടത്തുന്നതിനെതിരായിരിക്കും. ഇന്നലെ ഒരു പ്രകോപനവുമില്ലാതെ ആശുപത്രിയിൽ കയറി ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസുകാരെ തല്ലി. സമരത്തെ ഞങ്ങൾ ഒരിക്കലും എതിർക്കുന്നില്ല, അത് ജനാധിപത്യപരമായ അവകാശമാണ്. പക്ഷേ അക്രമ സമരങ്ങളെ; പോലീസിനെ അക്രമിച്ചുകൊണ്ടുള്ള സമരങ്ങളെ ഒരിക്കലും അംഗീകരിക്കാനാകില്ല. ആ പ്രതികളുടെ പേരിൽ കേസെടുത്തിട്ടുണ്ട്, അവരെ അറസ്റ്റ് ചെയ്യും, നിയമപരമായ നടപടികൾ സ്വീകരിക്കും.....(ബഹളം).....

മി. സ്പീക്കർ :- ആ പ്രശ്നം തീർന്നു.....(ബഹളം)..... മുഖ്യമന്ത്രി എന്ത് പറയണമെന്ന് ചെയറിന് പറയാൻ സാധിക്കില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചോദിച്ചതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞു. ഇനി അത് ചർച്ചയിലേയ്ക്ക് പോകുന്നത് ശരിയല്ല. ഇല്ലാത്ത കീഴ്വഴക്കം സൃഷ്ടിക്കരുത്. നിങ്ങൾക്കൊക്കെ സംസാരിക്കാൻ അവസരമുണ്ടല്ലോ, നിങ്ങൾക്ക് പറയാമല്ലോ. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, അങ്ങേയ്ക്ക് എല്ലാ ബഹുമാനവും സഭയും ചെയറും നൽകുന്നുണ്ട്.

ശ്രീ. വി. എസ്. അച്യുതാനന്ദൻ : സർ, ഇതുപോലൊരു കാര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രകോപനപരമായി പോലീസിനെതല്ലി, പോലീസിനെതല്ലി എന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുമ്പോൾ തല്ലുകൊണ്ട വിദ്യാർത്ഥികളെ ഞാനും ആശുപത്രിയിൽ പോയികണ്ടതാണ്. അവരുടെ ശരീരമാകെ നോക്കിയാൽ പുത്രന്മാരുള്ള മാതാപിതാക്കന്മാർക്ക് ചിന്തിക്കാൻപോലും കഴിയാത്തവിധത്തിൽ പോലീസും ചെയ്തിട്ടുണ്ട്. പോലീസിനെ അങ്ങനെ ചെയ്യ, ഇങ്ങനെ ചെയ്യ എന്ന പറഞ്ഞ് വിരട്ടേണ്ട വല്ല കാര്യമുണ്ടോ? .....(ബഹളം).....

മി. സ്പീക്കർ :- പ്രതിപക്ഷ നേതാവിനെയല്ലാതെ ആരെയും സംസാരിക്കാൻ അനുവദിക്കുകയില്ല. പ്രതിപക്ഷ നേതാവിന് സംസാരിക്കാൻ രണ്ടുപ്രാവശ്യം സമയമനുവദിച്ചു. ബഹുമാനപ്പെട്ട കെ. സുരേഷ് കുറുപ്പ്, ഇത് പാർലമെന്റല്ല, അസംബ്ലിയാണ്. അങ്ങ് ശ്രദ്ധിക്കണം... (ബഹളം).. ***1 എന്ന പറഞ്ഞത് ഞാൻ പിൻവലിച്ചിരിക്കുന്നു. പക്ഷേ ശ്രീ. കെ. സുരേഷ് കുറുപ്പിന് സംസാരിക്കാൻ പറ്റില്ല, പ്രതിപക്ഷ നേതാവ് സംസാരിച്ചുകഴിഞ്ഞു.

VIII. ധനകാര്യം

2015-16 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2015-16 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ബഡ്ജറ്റ് എസ്റ്റിമേറ്റ് 2015-16

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	23-03-2015-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക		ആകെ (രൂപ)
		റവന്യൂ (രൂപ)	മൂലധനം (രൂപ)	റവന്യൂ (രൂപ)	മൂലധനം (രൂപ)	
XVII	വിദ്യാഭ്യാസം. കായിക വിനോദം. കല. സംസ്കാരം	5435,33,39,000	117,38,33,000	10870,66,79,000	234,76,67,000	11105,43,46,000

***1 പിൻവലിച്ചു